# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 219** — **14.02.2013-ലെ മറുപടിക്ക്**

## ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശിവൻകുട്ടി :

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ആരോഗ്യ സർവ്വകലാശാല, സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് കോഴ്സ് അനുവദിച്ചതും അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തേണ്ടിവന്ന സാഹചര്യത്തിൽ, സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് കോഴ്സ് അനുവദിച്ചതും അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. എന്നാൽ വിജിലൻസ് വകുപ്പിൽ നിന്നും ഇതുസംബന്ധിച്ച് ഔദ്യോഗികമായ മറ്റ് അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല. സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തുന്നതിലേക്കായി ഔപചാരികമായ പഠനങ്ങളൊന്നും തന്നെ ഇതുവരെ നടത്തിയിട്ടില്ല. |
| (ബി) ഗവേണിംഗ് കൗൺസിലിനു പകരം മറ്റു യൂണിവേഴ്സിറ്റികളിലേതുപോലെ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സെനറ്റ്, സിൻഡിക്കേറ്റ് എന്നീ ജനാധിപത്യ സംവിധാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ ; | (ബി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) ഗവേണിംഗ് കൗൺസിൽ നടത്തിയ സ്ഥിരം നിയമനങ്ങളെ സംബന്ധിച്ച് അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ ? | (സി) സർവ്വകലാശാല പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കാൻ ഉദ്ദേശിച്ചുകൊണ്ടും സർവ്വകലാശാല സ്വയം വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറിന്റെ സഹായത്തോടെ സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ, പരീക്ഷാ നടത്തിപ്പ് എന്നിവയ്ക്കുവേണ്ടി സ്ഥിരമായ സിസ്റ്റം മാനേജർ തസ്തികയിൽ നിയമനം ആവശ്യമായതുകൊണ്ട് സർവ്വകലാശാലാ നിയമം വരുന്നതിന് മുമ്പ് ഓർഡിനൻസിലെ വ്യവസ്ഥകൾപ്രകാരവും ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടും കൂടി എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് സിസ്റ്റം മാനേജർ തസ്തികയിൽ ഒരു ഉദ്യോഗാർത്ഥിയെ സർവ്വകലാശാലാ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ